(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജലസേചന പദ്ധതികൾ പൂർത്തിയാക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടി

*4 [31] *ശ്രീ. സ്റ്റീഫൻ ജോർജ്:*
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എറിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ ജലസേചന പദ്ധതികളും ഒരുവർഷത്തിനകം പൂർത്തിയാക്കുന്നതിലേക്ക് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കാത്തതോ പൂർത്തീകരണത്തിന്റെ മധ്യഘട്ടത്തിൽ നിർത്തലാക്കപ്പെട്ടതോ ആയ പദ്ധതികളും പുനർനിർമ്മാണ പദ്ധതിയിൽപ്പെടുത്തി പൂർണ്ണമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) കേരളത്തിലെ മുഴുവൻ ജലസേചന പദ്ധതികളും ഒരു വർഷത്തിനകം പൂർത്തിയാക്കുന്ന കാര്യം സർക്കാരിന്റെ ആലോചനയിൽ ഇല്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

എ. ഡി. ബി. വായ്പയ്ക്കുവേണ്ടി ജലവിതരണ ചുമതലയിൽ വരുത്തുന്ന മാറ്റം

*5 [32] *ശ്രീ. മമ്മൂട്ടി:*
,, ഇസഹാക് കുരിക്കൾ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് എ.ഡി.ബി. വായ്പ ലഭിക്കുന്നതിന് സംസ്ഥാനത്തെ നഗരങ്ങളിലെ ജലവിതരണ ചുമതല കേരള വാട്ടർ അതോറിറ്റിയിൽനിന്ന് വേർപെടുത്തി മറ്റേതെങ്കിലും വകുപ്പുകൾക്കോ സ്വകാര്യ ഏജൻസികൾക്കോ നൽകണമെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ബി) ജലവിതരണം മറ്റ് വകുപ്പുകൾക്ക് കൈമാറിയാലും വെള്ളക്കരം വർദ്ധിപ്പിക്കാൻ പാടില്ല എന്ന് നിർദ്ദേശം നൽകുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly